"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജയരാജൻ എ.വി-ക്ക് നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2024/POWER തീയതി,തിരുവനന്തപുരം, 17-01-2024

---

പരാമർശം:-
1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 15.11.2023-ലെ സി.ഇ.ഐ./10175/2023-ഇ1 നമ്പർ നടപടിക്രമം.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27.11.2023-ലെ സി.ഇ.ഐ./10175/2023-ഇ1 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സുജേഷ് പി.ഗോപി 13.11.2023 മുതൽ 18.11.2023 വരെ പരിവർത്തിതാവധിയിൽ ആയതിനാൽ ടി കാര്യാലയത്തിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി ടി കാര്യാലയത്തിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജയരാജൻ എ.വി-ക്ക് പത്തനംത്തിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല 15.11.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ നൽകിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം (1)-ലെ നടപടിക്രമത്തിന് സാധൂകരണം നൽകണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സുജേഷ് പി.ഗോപി 13.11.2023 മുതൽ 18.11.2023 വരെ പരിവർത്തിതാവധിയിൽ ആയതിനാൽ ടി കാര്യാലയത്തിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി ടി കാര്യാലയത്തിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജയരാജൻ എ.വി-ക്ക് പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പൂർണ്ണ അധിക ചുമതല 15.11.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ നൽകിയ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം (1)-ലെ നടപടിക്രമത്തിന് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, തിരുവനന്തപുരം.

ശ്രീ.ജയരാജൻ എ.വി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പത്തനംതിട്ട. (ചീഫ് ഇലക്ട്രിക്കൽ

ഇൻസ്പെക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 22-01-2024 14:45:30

സെക്ഷൻ ഓഫീസർ